LIBRARY ARCHIVES Kerala Legislative Assembly

താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവൃത്തികൾ

98 (103) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എന്നത്തേക്ക് സമ്പൂർണ്ണമായും പ്രവൃത്തികൾ പൂർത്തീകരിക്കാനാകും; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തോടനുബന്ധിച്ചുള്ള പുലിമുട്ടുകളുടെ 32% വരെ ഏകദേശം പൂർത്തിയായിട്ടുണ്ട്. 1050 മീറ്റർ നീളമുള്ള സൗത്ത് ബ്രേക്ക് വാട്ടർ 620 മീറ്ററും, 850 മീറ്റർ നീളമുള്ള നോർത്ത് ബ്രേക്ക് വാട്ടർ 480 മീറ്ററും പുരോഗമിച്ചു. 410 മീറ്റർ നീളമുള്ള റിക്ലമേഷൻ ബണ്ട് 260 മീറ്റർ പൂർത്തീകരിച്ചു.

(ബി) അപ്രോച്ച് റോഡിന്റെ പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചു.

(സി) കരാറിലേർപ്പെട്ട പുലിമുട്ടുകൾ, വാർഫ്, ലേലപ്പുര, റിക്ലമേഷൻ ബണ്ട്, റിക്ലമേഷൻ ഗ്രൗഡ്ജിംഗ്, ഫിഷ് ലോഡിംഗ് ഏരിയ എന്നീ പ്രവൃത്തികൾ 2016 ജൂൺ മാസത്തിൽ പൂർത്തീകരിക്കാൻ കഴിയും. 2017 ജനുവരി മാസത്തോടുകൂടി ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

വിഴിഞ്ഞം തുറമുഖ നിർമ്മാണ ടെണ്ടർ

99 (104) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനുള്ള ടെണ്ടറിൽ പങ്കെടുക്കാൻ എത്ര കമ്പനികളാണ് ടെണ്ടർ അപേക്ഷ നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രോജക്ട് പഠനത്തിനായി കമ്പനികൾ കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും ടെണ്ടർ നടപടികളിൽ നിന്ന് കമ്പനികൾ പിൻവലിയാനുള്ള കാരണം അറിയാമോ ; എങ്കിൽ വെളിപ്പെടുത്താമോ;